**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6422** 21.11.2019-ൽ മറുപടിക്ക്

**ദേശീയപാത 966**

**ചോദ്യം**

**ശ്രീ. കെ.വി.വിജയദാസ്**

(എ) ദേശീയപാത 966-ന്റെ പണി പൂർത്തീകരിക്കുവാനുള്ള കാലാവധി തീരാൻ മാസങ്ങൾ മാത്രം ശേഷിക്കേ പ്രവൃത്തികൾ മന്ദഗതിയിലാണ് നടക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ; എങ്കിൽ പ്രസ്തുത റോഡിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രത്യേകിച്ച് നാട്ടുകൽ - മണ്ണാർക്കാട് പാലക്കാട് മേഖലയിലെ പ്രവൃത്തികൾ തീർത്തും മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) & (ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ദേശീയപാത 966-ന്റെ പാലക്കാട് ജില്ലയിലെ നാട്ടുകൽ മുതൽ താണാവ് വരെ പേവ്ഡ് ഷോൾഡറോട് കൂടിയ രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തി ഇ.പി.സി വ്യവസ്ഥയിൽ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിലും മരങ്ങൾ വെട്ടിമാറ്റുന്നതിലും യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുമുള്ള കാലതാമസമാണ് പദ്ധതി വൈകാൻ കാരണം. ഭൂമി ഏറ്റെടുക്കൽ വേണ്ടാത്ത ഭാഗങ്ങളിൽ പണി ത്വരിതഗതിയിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത റോഡിന് ആവശ്യമായ സ്ഥലമെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ